WEDNESDAY 29.05.2024 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/05/2024

1. കനത്ത മഴയിലും കാറ്റിലും സംസ്ഥാനത്ത് 1109 ഹെക്ടർ കൃഷി നശിച്ചു. പ്രകൃതിക്ഷോഭം അറിയിക്കാനും വിള ഇൻഷുറൻസ് സഹായങ്ങൾക്കും കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ തുറന്നു. ജില്ലയും ഫോൺ നമ്പറും താഴെ പറയുന്നു തിരുവനന്തപുരം 9447242977, കൊല്ലം- 9447349503, പത്തനംതിട്ട- 9446041039, ആലപ്പുഴ -9497864490, കോട്ടയം-6238483507, ഇടുക്കി- 9447037987, എറണാകുളം- 9497678634, തൃശ്ശൂർ 9446549273, പാലക്കാട്-9447364599, മലപ്പുറം- 9447228757, കോഴിക്കോട്- 9847616264, വയനാട്-9778036682, കണ്ണൂർ-9495887651, കാസർകോട് 9383471961.

2. 2024-25 വർഷത്തെ പുഞ്ചകൃഷിക്കുള്ള നെൽവിത്ത് ആലപ്പുഴ ജില്ലയിൽ മുഴുവൻ കർഷകർക്കും മുൻ വർഷങ്ങളിൽ ലഭിച്ചിരുന്നതുപോലെ സൗജന്യമായി നൽകുന്നതിന് കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

3. കണ്ണൂർ കണ്ണവം ഫോറസ്റ്റ് റെയിഞ്ചിലെ ചെറുവാഞ്ചേര സെൻട്രൽ നഴ്സറിയിൽ ഉൽപാദിപ്പിച്ച തേക്ക് ബാസ്കറ്റഡ് തൈകൾ പൊതുജനങ്ങൾക്ക് ചെറുവാഞ്ചേരി സെൻട്രൽ നഴ്സറിയിൽ ലഭിക്കും. ഫോൺ: 8547602670, 8547502677, 9745938218, 9400403428, 0490 2300971.

4. നാളികേര വികസന കൗൺസിൽ വയനാട് ജില്ലയിൽ തെങ്ങിൻ തൈകളുടെ വിതരണം ആരംഭിച്ചതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ബത്തേരി, മാനന്തവാടി ബ്ലോക്കുകളിലെ കൃഷിഭവനുകളിൽ തൈ വിതരണം ആരംഭിച്ചു. നാളികേര വികസന കൗൺസിൽ 50 ശതമാനം സബ്സ്ഡി നിരക്കിലാണ് തെങ്ങിൻ തൈകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിതരണം ചെയ്യുന്നത്. നെടിയ ഇനം തെങ്ങിൻ തൈകൾക്ക് 50 രൂപയും ഹൈബ്രിഡിന് 125 രൂപയുമാണ് ഗുണഭോക്തൃ വിഹിതമായി അടക്കേണ്ടത്. ജില്ലയിൽ ആകെ 31800 നെടിയ ഇനം തെങ്ങിൻ തൈകളും 5000 ഹൈബ്രിഡ് തെങ്ങിൻ തൈകളുമാണ് വിതരണം ചെയ്യുന്നത്. ജില്ലയിലെ എല്ലാ കൃഷിഭവനുകളിലും ജൂൺ 30 ഓടെ തൈ വിതരണം പൂർത്തിയാകും. ആവശ്യമുള്ളവർ കൃഷിഭവനുകളുമായി ബന്ധപ്പെടണം.

5. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്

6. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ജ്യോതി ഇനം നെൽവിത്ത്, ചീര, വെള്ളരി പാവൽ, വെണ്ട, കുമ്പളം, മത്തൻ എന്നിവയുടെ വിത്തുകൾ, പച്ചക്കറിതൈകൾ, വേരു പിടിപ്പിച്ച കുരുമുളകുവള്ളികൾ, നാരകതൈകൾ, സീതപ്പഴം, പാഷൻഫ്രൂട്ട് തൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383471808. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ 2024 ജൂൺ മാസം വിതരണം ചെയ്യുന്ന 46 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങൾക്കുള്ള ബുക്കിംങ്ങ് ആരംഭിച്ചതായി അസിസ്റ്റൻഡ് ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ പിടക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും, പൂവൻ കുഞ്ഞുങ്ങൾ 5 രൂപയ്ക്കും കോഴിവളം കിലോ 3 രൂപയ്ക്കും

ലഭ്യമാണ്. ബുക്കിംങ്ങിനും അന്വേഷണങ്ങൾക്കും 04812373710, 8301897710 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

7. തിരുവനന്തപുരം പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ പ്ലാവ് (മുട്ടൻവരിക്ക, ചെമ്പരത്തി വരിക്ക, തേൻവരിക്ക) മുതലായ തൈകൾ, കമ്പോഡിയൻ ഓറഞ്ച്, മാവ് (ഗ്രാഫ്റ്റ്, കോട്ടുകോണം, ചാന്ദ്രക്കാരൻ, നീലം), സപ്പോർട്ട ഗ്രാഫ്റ്റ്, തായ്‌ലന്റ് ജാംബ, പേര, നാരകം പതിത്തൈകൾ, കമുകുതൈ, തെങ്ങിൻതൈ (WCT, കുള്ളൻ), പച്ചക്കറി വിത്ത് തൈകൾ ഫലവർഗതൈകൾ, ടിഷ്യൂകൾച്ചർ ബനാന എന്നിവ ലഭ്യമാണ്. വിളിക്കേണ്ട ഫോൺ നമ്പർ 9383470306. .

**പരിശീലന പരിപാടി**

8. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'ശുദ്ധജല മത്സ്യകൃഷി'** എന്ന വിഷയത്തിൽ 31.05.2024-ന് പരിശീലനം സംഘടിപ്പിക്കുന്നു. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773 എന്ന ഫോൺ നമ്പറിൽ മേയ് 31-ന് (31.05.2024) മുമ്പായി ബന്ധപ്പെടുക.

9. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൂക്കോട് വെറ്ററിനറി കോളേജ് മൃഗപ്രത്യുല്പാദന-പ്രസവചികിത്സാവിഭാഗം 2024 മാർച്ച് മുതൽ ജൂലൈ വരെ മൂന്ന് ബാച്ചുകളിലായി **ആടുകളിലെ കൃത്രിമബീജാധാനം** (Artificial Insemination in Goats) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ ശാസ്ത്രീയ-പ്രായോഗിക പരിശീലനം നടത്തുന്നു. യൂണിവേഴ്സിറ്റിയുടെ വയനാടുള്ള പൂക്കോട് സെന്ററിൽ വെച്ചായിരിക്കും പരിശീലനം. ഓരോ ബാച്ചിലും 10 പേർക്കാണ് പ്രവേശനം. പശുക്കളിലെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃത്രിമബീജാധാനത്തിൽ പരിശീലനം ലഭിച്ചവർക്കാണ് ഈ പ്രായോഗിക പരിശീലനം നൽകുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7909292304 എന്ന ഫോൺ നമ്പറിലോ അല്ലെങ്കിൽ lekshmibhai@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. കടുത്തവരൾച്ചയ്ക്കുശേഷം അപ്രതീക്ഷിതമായി ഉണ്ടായ കനത്ത വേനൽമഴ വലിയൊരു നാശനഷ്ടമാണ് വീണ്ടും കാർഷിക മേഖലയ്ക്കുണ്ടാക്കിയിട്ടുള്ളത്. പല കൃഷിയിടങ്ങളിലും ദിവസങ്ങളോളം വിളകൾ വെള്ളത്തിലും ചെളിയിലും മുങ്ങി നിൽക്കുന്ന അവസ്ഥയും ഉണ്ടായി. വിവിധ വിളകളിൽ അനുവർത്തിക്കേണ്ട സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ.

**തെങ്ങ്**

- തെങ്ങിന് കൂമ്പുചീയൽ രോഗം പടർന്നു പിടിപെടാതെ ശ്രദ്ധിക്കേണ്ടതുണ്ട്. ലക്ഷണങ്ങൾ കണ്ടു കഴിഞ്ഞാൽ രോഗം ബാധിച്ച ഭാഗങ്ങൾ വൃത്തിയാക്കി 10 ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം പുരട്ടണം.
- ഓലകരിച്ചിൽ, മച്ചിങ്ങ പൊഴിച്ചിൽ തുടങ്ങിയ കുമിൾ രോഗങ്ങൾക്കെതിരെ 1 ശതമാനം വീര്യത്തിൽ ബോർഡോമിശ്രിതം തളിക്കാവുന്നതാണ്.

**പച്ചക്കറി വിളകൾ**

വെള്ളക്കെട്ടിൽപ്പെട്ട ചെടികളിൽ കീടരോഗബാധ പടർന്നു പിടിക്കാതെയുള്ള മുൻകരുതലുകൾ സ്വീകരിക്കണം.

- 0.3 % വീര്യത്തിൽ മാങ്കോസെബ് എന്ന കുമിൾ നാശിനി തളിച്ചാൽ വഴുതനയുടെ കായ്ചീയൽ, വെണ്ടയുടെ ഇലപ്പുള്ളി രോഗം എന്നിവ നിയന്ത്രിക്കാം.
- ഈർപ്പം അധികമാകുമ്പോൾ ആഫ്രിക്കൻ ഒച്ച് പോലുള്ള ജീവികളുടെ ശല്യം രൂക്ഷമാകുകയാണെങ്കിൽ 60 ഗ്രാം തുരിശ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി നന്നായി കൃഷിയിടത്തിൽ തളിച്ച് ഇവയെ നിയന്ത്രിക്കാം.
- ഇലതീനി പുഴുക്കളുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ഫ്ളുബെൻഡൈയാമിഡ് 2 മി.ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കാവുന്നതാണ്.

**ജാതി**

- ഇലപ്പുള്ളി രോഗം/ഇലകൊഴിച്ചിൽ എന്നിവ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ 0.2% വീര്യത്തിൽ കോപ്പർ ഹൈഡ്രോക്സൈഡ് തളിച്ചുകൊടുക്കണം.

**പൊതു നിർദ്ദേശങ്ങൾ**

- പൊട്ടാഷ് വളങ്ങൾ ചെടികൾക്ക് പ്രത്യേകം നൽകുവാൻ ശ്രദ്ധിക്കണം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം